13297
16/7/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം.എസ്) നം.27/2018/സാം.കാ.വ തീയതി, തിരുവനന്തപുരം,07/07/2018**

പരാമർശം:- 1. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ 30/08/2017 ലെ 3052/റ്റി1/2017/കെ എസ് എഫ് ഡി സി നമ്പർ കത്ത്

2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 26.03.2018 ലെ 3052/റ്റി1/2017/കെ എസ് എഫ് ഡി സി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2012 ൽ വാങ്ങിയ ടൊയോട്ട ഇന്നോവ കാർ നാളിതു വരെ 1.2 ലക്ഷം കി മീ ഓടിയിട്ടുണ്ടെന്നും രണ്ട് തവണ അപകടത്തിൽപ്പെട്ട കാറിന്റെ കാര്യക്ഷമത കുറഞ്ഞു എന്നും ചെയർമാൻ എന്ന നിലയിൽ നിരന്തരം യാത്ര ആവശ്യമായതിനാൽ ആയതിന് സൗകര്യപ്രദമായ പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്നും ചെയർമാൻ അഭ്യർത്ഥിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തനത് ഫണ്ടുപയോഗിച്ച് GeM മുഖാന്തിരം കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ ബേസ് മോഡൽ ഇന്നോവ ക്രിസ്റ്റ കാർ Gem Portal മുഖാന്തിരം കോർപ്പറേഷന്റെ തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റാണി ജോർജ്ജ്**
**സെക്രട്ടറി**

ചെയർമാൻ , കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (21/03/2018 ലെ PU-C2/227/2017-FIN പ്രകാരം)
GA(SC) വകുപ്പ് (04.07.2018 ലെ ഇനം നമ്പർ 2297 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Rh 4/7

രഹസ്യം

# കേരള സർക്കാർ

78 **മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

## തീയതി : 04-07-2018

ഫയൽ നം.189/എ3/2017/സാം.കാ.വ. ഇനം നം: 2297

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

79. മുൻ ഖണ്ഡികയിലെ ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

5/7/18

5/7/18

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 189 എ 3/2017/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 18/06/18 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/06/18 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.പോൾ ആന്റണി |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/06/18 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26/06/18 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02/07/18 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ലഭ്യമായ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി 2012 ൽ വാങ്ങിയ ടൊയോട്ട ഇന്നോവ കാർ നാളിതു വരെ 1.2 ലക്ഷം കി മീ ഓടിയിട്ടുണ്ടെന്നും രണ്ട് തവണ അപകടത്തിൽപ്പെട്ട കാറിന്റെ കാര്യക്ഷമത കുറഞ്ഞതിനാൽ ഇതിലെ യാത്ര ആയാസം നൽകുന്നതാണെന്നും ആരോഗ്യപരമായ പ്രശ്നങ്ങൾ അലട്ടുന്ന ചെയർമാന് ടി വാഹനം യോജിച്ചതല്ല എന്നും നിരന്തരം യാത്ര ആവശ്യമായ ചെയർമാന് സൗകര്യപ്രദമായ പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകണമെന്നും കോർപ്പറേഷൻ ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഇന്നോവ കാറിന് അംഗീകൃത ഡീലർ നിശ്ചയിച്ച 6,50,000/- രൂപ വില കഴിച്ച് ആകെ 16,22,219/- രൂപ വിലയുള്ള ഇന്നോവ ക്രിസ്റ്റ 2.4 VX-83-MT മോഡൽ പുതിയ വാഹനം വാങ്ങുന്നതിനാണ് 8/8/2017 ന് കൂടിയ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തതായും അറിയിച്ചിട്ടുണ്ട്.

3) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം താഴെ ചേർക്കുന്നു.

"കെ.എസ്.എഫ്.ഡി.സി.യിൽ നിലവിലുള്ള 2012 ൽ വാങ്ങിയ ടൊയോട്ട ഇന്നോവ കാർ ലേലം ചെയ്തു വിറ്റ ശേഷം കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പത്തു ലക്ഷം രൂപയിൽ താഴെ വിലവരുന്ന വാഹനം തനത് ഫണ്ട് [ടി ഫണ്ടിൽ സർക്കാരിൽ നിന്ന് ലഭിച്ച പദ്ധതി / പദ്ധതിയേതര വിഹിതം ഉൾപ്പെടുന്നില്ലെന്ന് ഭരണ വകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്] ഉപയോഗിച്ച് വാങ്ങുന്നതിനു ധനവകുപ്പ് അനുമതി നൽകുന്നു."

4) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ

നിലവിലുള്ള വാഹനം അംഗീകൃത ഡീലർക്ക് തിരികെ നൽകി ഔദ്യോഗിക ആവശ്യങ്ങൾക്കായി 16,22,219/- രൂപ വിലയുള്ള ഇന്നോവ ക്രിസ്റ്റ 2.4 VX-83-MT മോഡൽ പുതിയ വാഹനം വാങ്ങുന്നതിനാണ് ചെയർമാൻ അനുമതി ആവശ്യപ്പെട്ടത്. എന്നാൽ കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പത്തു ലക്ഷം രൂപയിൽ താഴെ വിലവരുന്ന വാഹനം തനത് ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനാണ് ധനവകുപ്പ് അനുമതി നൽകിയത്.

5) ബഹു.മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവിട്ടിരുന്നു. പ്രസ്തുത ശുപാർശ സഹിതം ഫയൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചപ്പോൾ വകുപ്പ് ആദ്യം താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു :

"Administrative department is informed that there is no exchange policy in GeM. Hence KSFDC may be allowed to choose how they want to buy a new car and sell the old one. They should ensure that the deal they are entering with a dealer costs them less than selling old car through an auction and buying a new car on GeM portal. In this case the dealer is charging Rs.4 lakh more than GeM and giving a price of about Rs.6 lakh for old car thus effectively buying old car for Rs.2 lakh. Hence KSFDC should determine how much amount it could get in auction and decide.

This has the approval of Hon'ble Minister for Finance."

6) മേൽ പരാമർശത്തിനു മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഴയ കാർ വിൽക്കേണ്ടതില്ല എന്നും KSFDC യുടെ തനത് ഫണ്ടുപയോഗിച്ച് GeM മുഖാന്തിരം പുതിയ കാർ വാങ്ങുന്നതിന് തീരുമാനം എടുത്തതായും അറിയിച്ചിരുന്നു. ടി റിപ്പോർട്ടിന്മേൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി

"നിലവിലെ വ്യയ നിയന്ത്രണ ഉത്തരവായ 17/04/2018 ലെ സ.ഉ.(അ)നം.66/2018/ധനയിലെ ഖണ്ഡിക 3 ന്റെ അടിസ്ഥാനത്തിൽ KSFDC ചെയർമാന് ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ വാഹനം വാങ്ങുന്നതിനു പകരം 3 -5 വർഷ

കാലയളവിലേയ്ക്ക് പുതിയ വാഹനം Lease ന് എടുക്കാനും ആയതിനുള്ള ചെലവ് കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്നും കണ്ടെത്തണമെന്നും നിർദ്ദേശിക്കുന്നു.

ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

7) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ കാർ വാങ്ങുന്നതിന് അനുമതി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യ വകുപ്പിന്റെ നിർദ്ദേശം മറികടന്ന് കെ എസ് എഫ് ഡി സി ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ ബേസ് മോഡൽ ഇന്നോവ ക്രിസ്റ്റ കാർ Gem Portal മുഖാന്തിരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തനതു ഫണ്ട് ഉപയോഗിച്ച് വാങ്ങുന്നതിനുള്ള അനുമതി നൽകാവുന്നതാണോ?